# അമൃത വിശ്വവിദ്യാപീഠത്തിന് ഹരിതകേരളം മിഷൻ അംഗീകാരം

അമൃതപുരി (കൊല്ലം) : അമൃത വിശ്വവിദ്യാപീഠം അമൃതപുരി ക്യാമ്പസിന് ഹരിതകേരളം മിഷന്റെ അംഗീകാരം. പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ കാഴ്ചവെച്ചിട്ടുള്ള ശ്രദ്ധേയമായ ഇടപെടലുകൾ കണക്കിലെടുത്തതാണ് അംഗീകാരം. തിരുവനന്തപുരത്ത് വച്ച് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത പരിസ്ഥിതി സംഗമത്തിൽ വച്ച് അമൃത വിശ്വവിദ്യാപീഠം പ്രതിനിധികളായ എഞ്ചിനീയറിങ് വിഭാഗം അസോസിയേറ്റ് ഡീൻ ഡോ.എസ് എൻ ജ്യോതി, ബ്രഹ്മചാരി ശ്രീവത്സൻ, വിഷ്ണു വിജയ്, എസ് നിതിൻ, പി.ബിനു, ജി സലിൽ കുമാർ എന്നിവർ ചേർന്ന് സ്നേഹോപഹാരം സ്വീകരിച്ചു.

നവകേരളം കർമ്മ പദ്ധതി കോർഡിനേറ്റർ ഡോ. ടി എൻ സീമ ഉൾപ്പെടെയുള്ളവർ ചടങ്ങിൽ സന്നിഹിതരായി. ഹരിത കേരളം മിഷന്റെ 'നെറ്റ് സീറോ കാർബൺ കേരള ത്രൂ ദി പീപ്പിൾ' ക്യാമ്പയിന്റെ ഭാഗമായി കാർബൺ രഹിത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളെയാണ് ഹരിതകേരളം മിഷന്റെയും കേരളാ സർക്കാരിന്റെയും നേതൃത്വത്തിൽ അനുമോദിച്ചത്.